പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2053 — 07.07.2015-ന് മറുപടിക്ക്

# സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി. എ. മാധവൻ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

.....

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(സി) വിവിധ മേഖലകളിലെ മലിനീകരണ നിയന്ത്രണത്തിൽ ബോർഡ് എങ്ങനെയെല്ലാമാണ് ഇടപെട്ട് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ ;

(എ) യും (സി) യും മലിനീകരണ നിയന്ത്രണ നിയമങ്ങളായ ജല (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം, 1974, വായു (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം, 1981, പരിസ്ഥിതി (സംരക്ഷണം) നിയമം, 1986 എന്നിവയും അനുബന്ധ ചട്ടങ്ങളും മലിനീകരണ നിയന്ത്രണ ബോർഡ് വഴിയാണ് നടപ്പിലാക്കുന്നത്. കൂടാതെ പരിസ്ഥിതി നിയമത്തിന്റെ കീഴിലുള്ള ചട്ടങ്ങൾ പ്രകാരം ബയോ മെഡിക്കൽ മാലിന്യം, ഖരമാലിന്യം, അപകടകരമായ മാലിന്യം (ഹസാർഡസ് വേസ്റ്റ്) എന്നിവയെല്ലാം നിയമ പ്രകാരം സംസ്കരിക്കുന്നത് അനുമതികളിലൂടെയും തുടർ പരിശോധനകളിലൂടെയും ബോർഡ് ഉറപ്പുവരുത്തുന്നു. ടി അനുമതി നൽകുന്നതിനുള്ള പരിശോധനകളിലും തുടർന്നു നൽകുന്ന അനുമതി പത്രങ്ങളിലെ നിബന്ധനകളിലും മലിനീകരണ നിയന്ത്രണത്തിനുതകുന്ന (ജലം, വായു, പരിസ്ഥിതി നിയമങ്ങൾ പ്രകാരം) നിർദ്ദേശങ്ങൾ നൽകുന്നു. ഇവ നടപ്പിലാക്കുന്നതു വഴി ജല മലിനീകരണ നിയന്ത്രണവും അന്തരീക്ഷ വായുവിലെ മാലിന്യ ഘടകങ്ങളുടെ അളവുകളിലെ നിയന്ത്രണവും പ്രാവർത്തികമാക്കുന്നു. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ പരിശോധിക്കാനും അനുമതി നൽകുന്നതിനുള്ള ചുമതല ബോർഡിനാണ്.

- മലിനീകരണം സംബന്ധിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുകയും പ്രശ്ന പരിഹാരത്തിന് സാങ്കേതികമായ നിർദ്ദേശങ്ങൾ നൽകുകയും പരിശോധനകൾ വഴി അവയുടെ പാലനം ഉറപ്പുവരുത്തുകയും ചെയ്യുക. ബയോമെഡിക്കൽ വേസ്റ്റ് ചട്ടങ്ങൾ, 1998 പ്രകാരം ആശുപത്രികൾ, ഡെന്റൽ ക്ലിനിക്കുകൾ, ക്ലിനിക്കുകൾ, ലാബുകൾ തുടങ്ങി ബയോമെഡിക്കൽ വേസ്റ്റ് ഉണ്ടാക്കുന്ന എല്ലാ ആരോഗ്യ പരിപാലന സ്ഥാപനങ്ങൾക്കും അനുമതി നൽകുക.

(contd........2...)

- മുൻസിപ്പൽ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2000 പ്രകാരം ഖരമാലിന്യത്തിന്റെ സംസ്കരണത്തിനായുള്ള പ്ളാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആതറൈസേഷൻ നൽകുക.

- അപകടകരമായ മാലിന്യം കൈകാര്യം ചെയ്യുന്നതിനും അത്തരം മാലിന്യം സംസ്ഥാനത്തിനു പുറത്ത് കൊണ്ടുപോകുന്നതിനും അനുമതി നൽകുക.

- ബാറ്ററി വിതരണക്കാർക്കും, ഇലക്ട്രോണിക്സ് ഉല്പന്ന നിർമ്മാതാക്കൾക്കും, ഇ-മാലിന്യം ശേഖരിക്കുന്നവർക്കും സംസ്കരിക്കുന്നവർക്കും ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നവർക്കും അനുമതി നൽകുക.

- പ്ളാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ, 2011 പ്രകാരം പ്ളാസ്റ്റിക് ക്യാരി ബാഗുകൾ/multilayered plastic ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്കും അനുമതി നല്കുക.

- ശബ്ദമലിനീകരണ ചട്ടങ്ങൾ, 2000 പ്രകാരം വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മൂലമുള്ള ശബ്ദമലിനീകരണ നിയന്ത്രണവും ശബ്ദമലിനീകരണം തടയുന്നതിനായി പോലീസ് വകുപ്പിന് ശബ്ദ തീവ്രത അളന്നു നല്കുകയും ചെയ്യുക.

- പൊതുജനങ്ങളുടെ പരാതികളിന്മേലുള്ള അന്വേഷണം, വിവിധ കോടതികളുടെ നിർദ്ദേശ പ്രകാരം മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് നല്കൽ, സർക്കാരിലേക്ക് സാങ്കേതികമായ ഉപദേശം നൽകൽ.

ജല/വായു ഗുണനിലവാര പരിശോധനയ്ക്കായി എറണാകുളത്ത് NABL അക്രഡിറ്റേഷനോടുകൂടിയ കേന്ദ്ര പരിശോധനശാലയും എല്ലാ ജില്ലാ ഓഫീസുകളോടും ചേർന്ന് ജില്ലാ പരിശോധനശാലകളും പ്രവർത്തിച്ചുവരുന്നു.

താരതമ്യേന മലിനീകരണം കൂടുതലുള്ള സ്ഥാപനങ്ങൾക്ക് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ബോർഡ് നടപ്പാക്കിവരുന്നു. പെരിയാറിന്റെ ഏലൂർ ഭാഗത്തെ മലിനീകരണം മോണിട്ടർ ചെയ്യാനായി പെരിയാറിന്റെ ഇരുകരകളിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 8 സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ മേഖലയിലെ വായു ഗുണനിലവാരം തുടർച്ചയായി നിർണ്ണയിക്കുന്നതിനുള്ള സംവിധാനം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

പൊതുജന ബോധവല്ക്കരണം മലിനീകരണ നിയന്ത്രണത്തിന് ഒരു പ്രധാന ഘടകമായതിനാൽ ഇതിനായി പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**(contd........3....)**

എല്ലാ വർഷവും ജൂൺ 5 പരിസ്ഥിതി ദിനത്തിൽ ബോർഡ് ജല/വായു ഗുണനിലവാര ഡയറക്ടറി പ്രസിദ്ധീകരിക്കുന്നു.

പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ മാന്തുരുത്തിയിൽ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ (IMA) കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ, ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള സംവിധാനം പ്രവർത്തിക്കുന്നു. സർക്കാർ ആശുപത്രികളിലെ ദ്രവ-മാലിന്യ സംസ്കരണം (Sewage) ഫലവത്താക്കാൻ ഇത്തരം സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

കേരളത്തിന്റെ വ്യവസായ കേന്ദ്രമായ പെരിയാറിന്റെ തീരത്തുള്ള (ഏലൂർ, എടയാർ ഭാഗം) വ്യവസായങ്ങളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സജ്ജമായ ഒരു സർവൈലൻസ് വാൻ ബോർഡ് പ്രവർത്തിപ്പിക്കുന്നുണ്ട്.

| | |
|---|---|
| (ബി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ; | (ബി) നാഷണൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് പദ്ധതി പ്രകാരം അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം 24 സ്റ്റേഷനുകളിൽ മോണിട്ടർ ചെയ്യുന്നതിനും നാഷണൽ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പദ്ധതി പ്രകാരം നദികളിലും കായലുകളിലുമായി 128 സ്റ്റേഷനുകളിലെ ജല ഗുണനിലവാരം മോണിട്ടറിംഗ് ചെയ്യുന്നതിനും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. |
| (ഡി) ബോർഡിനെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ഡി) ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ആദ്യപടിയായി ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിയമ വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ചുള്ള പരാതികളിന്മേലുള്ള റിപ്പോർട്ട്/നടപടി സ്വീകരിക്കൽ എന്നിവ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ